| 10-05-2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ബാബ വന്നിരിക്കുന്നു - നിങ്ങള്‍ക്ക് ശ്രേഷ്ഠ മതം നല്‍കി സദാ കാലത്തേക്ക് സുഖിയും, ശാന്തവുമാക്കുന്നതിന്, ബാബയുടെ നിര്‍ദ്ദേശങ്ങളിലൂടെ നടക്കൂ, ആത്മീയ പഠിത്തം പഠിക്കൂ പഠിപ്പിക്കൂ എങ്കില്‍ സദാ ആരോഗ്യവാനും സമ്പത്തിവാനുമാകും**

**ചോദ്യം:-** ഏതൊരവസരം മുഴുവന്‍ കല്‍പത്തിലും ഇപ്പോള്‍ മാത്രമാണ് ലഭിക്കുന്നത്, അതൊരിക്കലും നഷ്ടപ്പെടുത്തരുത്?
**ഉത്തരം:-** ആത്മീയ സേവനം ചെയ്യുന്നതിനുള്ള അവസരം, മനുഷ്യനെ ദേവതയാക്കുന്നതിനുള്ള അവസരം ഇപ്പോള്‍ മാത്രമാണ് ലഭിക്കുന്നത്. ഈ അവസരം നഷ്ടപ്പെടുത്തരുത്. ആത്മീയ സേവനത്തില്‍ ഏര്‍പ്പെടണം. വിശേഷിച്ചും കുമാരിമാര്‍ക്ക് ഈശ്വരീയ *ഗവണ്‍മെന്റിന്റെ* സേവനം ചെയ്യണം. മമ്മയെ പരിപൂര്‍ണ്ണമായും പിന്‍തുടരണം. കുമാരിമാര്‍ ബാബയുടേതായതിന് ശേഷം അഥവാ ഭൗതീക സേവനം മാത്രമാണ് ചെയ്യുന്നത്, മുള്ളുകളെ പൂക്കളാക്കുന്നതിന്റെ സേവനം ചെയ്യുന്നില്ലെങ്കില്‍ ഇതും ബാബയോടുള്ള അനാദരവാണ്.

**ഗീതം:-** ഉണരൂ പ്രിയതമകളേ ഉണരൂ.......

**ഓം ശാന്തി.** പ്രിയതമകള്‍ക്ക് ആരാണ് മനസ്സിലാക്കി തന്നത്? പറയുന്നു പ്രിയതമകള്‍ക്കായി പ്രിയതമന്‍ വന്നിരിക്കുന്നു. എത്ര പ്രിയതമകളുണ്ട്? ഒരു പ്രിയതമന് ഇത്രയും പ്രിയതമകള്‍.... അദ്ഭുതമല്ലേ! മനുഷ്യര്‍ പറയുന്നത് കൃഷ്ണന് 16108 പ്രിയതമകള്‍ ഉണ്ടായിരുന്നു എന്നാണ്, എന്നാല്‍ ഇല്ല. ശിവബാബ പറയുന്നു എനിക്ക് കോടിക്കണക്കിന് പ്രിയതമകളുണ്ട്. എല്ലാ പ്രിയതമകളേയും ഞാന്‍ എന്റെ കൂടെ *സ്വീറ്റ് ഹോമിലേക്ക്* കൊണ്ട് പോകും. ബാബ നമ്മളെ വീണ്ടും കൊണ്ട് പോകുന്നതിനായി വന്നിരിക്കുന്നു എന്ന് പ്രിയതമകളും മനസ്സിലാക്കുന്നുണ്ട്. ജീവാത്മാണ് പ്രിയതമ. ഹൃദയത്തിലുണ്ട് നമ്മളെ ശ്രീമതം നല്‍കി അലങ്കരിക്കുന്നതിനായി പ്രിയതമന്‍ വന്നിരിക്കുന്നു. നിര്‍ദ്ദേശം എല്ലാവര്‍ക്കും നല്‍കാറുണ്ട്. ഭര്‍ത്താവ് ഭാര്യക്ക്, അച്ഛന്‍ മക്കള്‍ക്ക്, സാന്യാസി തന്റെ ശിഷ്യര്‍ക്ക് എന്നാല്‍ ബാബയുടെ നിര്‍ദ്ദേശം എല്ലാത്തില്‍ നിന്നും വേറിട്ടതാണ്, അതുകൊണ്ടാണ് ഇതിനെ ശ്രീമതമെന്ന് പറയുന്നത്, മറ്റെല്ലാം മനുഷ്യമതങ്ങളാണ്. മറ്റുള്ളവരെല്ലാം അവരവരുടെ ശരീര നിര്‍വ്വഹാര്‍ത്ഥമാണ് നിര്‍ദ്ദേശങ്ങള്‍ നല്‍കുന്നത്. സാധകര്‍ക്കും സന്യാസിമാര്‍ക്കും എല്ലാവര്‍ക്കും ശരീര നിര്‍വ്വഹണത്തിന്റെ ലഹരി പിടിച്ചിരിക്കുന്നു. എല്ലാവരും ധനവാനാകുന്നതിനുള്ള നിര്‍ദ്ദേശമാണ് നല്‍കിക്കൊണ്ടിരിക്കുന്നത്. സന്യാസിമാരുടേതും, ഗുരുക്കന്‍മാരുടേതുമാണ് ഏറ്റവും നല്ല നിര്‍ദ്ദേമായി കണക്കാക്കുന്നത്. എന്നാല്‍ അവരും തന്റെ വയറിനു വേണ്ടി എത്ര ധനമാണ് സമ്പാദിക്കുന്നത്. എനിക്ക് എന്റേതായ ശരീരമില്ല. ഞാന്‍ എന്റെ വയറിനായി ഒന്നും തന്നെ ചെയ്യുന്നില്ല. നിങ്ങള്‍ക്കും നമ്മള്‍ മഹാരാജാ മഹാറാണിയാകണം എന്നത് നിങ്ങളുടെ വയറിന്റെ തന്നെ കാര്യമാണ്. എല്ലാവര്‍ക്കും വയറിന്റെ തന്നെ ചിന്തയാണ്. അതില്‍ ചിലര്‍ ചോളത്തിന്റെ *റൊട്ടി* കഴിക്കുന്നു ചിലര്‍ അശോക *ഹോട്ടലില്‍* നിന്നും കഴിക്കുന്നു. സന്യാസിമാര്‍ ധനം സ്വരൂപിച്ച് വലിയ ക്ഷേത്രങ്ങളെല്ലാം ഉണ്ടാക്കുന്നു. എന്നാല്‍ ശിവബാബ ശരീര നിര്‍വ്വഹാര്‍ത്ഥം ഒന്നും തന്നെ ചെയ്യുന്നില്ല. നിങ്ങള്‍ക്ക് എല്ലാം നല്‍കുന്നു - സദാ സുഖിയാക്കുന്നതിന് വേണ്ടി. നിങ്ങള്‍ സദാ ആരോഗ്യവാന്‍മാരും, സമ്പന്നവാന്‍മാരുമാകും. ഞാന്‍ സദാ ആരോഗ്യവാനാകുന്നതിനുള്ള പുരുഷാര്‍ത്ഥം ചെയ്യുന്നില്ല. ഞാന്‍ തന്നെ അശരീരിയാണ്. ഞാന്‍ വരുന്നത് തന്നെ നിങ്ങള്‍ കുട്ടികളെ സദാ സുഖിയാക്കുന്നതിന് വേണ്ടിയാണ്. ശിവബാബ നിരാകാരനാണ് ബാക്കി എല്ലാവര്‍ക്കും വയറിന്റെ ചിന്തയുണ്ടായിരിക്കും. ദ്വാപരത്തില്‍ വലിയ-വലിയ സന്യാസി, തത്വ ജ്ഞാനികള്‍, ബ്രഹ്മ ജ്ഞാനികളുണ്ടായിരുന്നു. ഓര്‍മ്മയില്‍ കഴിഞ്ഞിരുന്നു, അപ്പോള്‍ അവര്‍ക്ക് വീട്ടിലിരിക്കെ തന്നെ വേണ്ടതെല്ലാം ലഭിക്കുമായിരുന്നു. വയറ് എല്ലാവര്‍ക്കുമുണ്ട്, എല്ലാവര്‍ക്കും ഭക്ഷണം വേണം. എന്നാല്‍ യോഗത്തിലിരിക്കുന്നത് കാരണം അവര്‍ക്ക് അലയേണ്ടിവരുന്നില്ല. നിങ്ങള്‍ കുട്ടികള്‍ക്ക് സദാ എങ്ങനെ സുഖിയായിരിക്കാം എന്നതിനുള്ള യുക്തിയാണ് ബാബയിപ്പോള്‍ പറഞ്ഞ് തരുന്നുത്. ബാബ തന്റെ നിര്‍ദ്ദേശം നല്‍കി വിശ്വത്തിന്റെ അധികാരിയാക്കുന്നു. നിങ്ങള്‍ ചിരംജീവിയാകൂ, അമരരാകൂ. ഏറ്റവും നല്ല നിര്‍ദ്ദേശം ബാബയുടേതാണ്. മനുഷ്യര്‍ ധാരാളം മതം നല്‍കുന്നു. ചിലര്‍ പരീക്ഷ ജയിച്ച് വക്കീലാകുന്നു എന്നാല്‍ അതെല്ലാം അല്‍പകാലത്തേക്കുള്ളതാണ്. തന്റെയും ഭര്യയുടെയും മക്കളുടെയും വയറിന് വേണ്ടി പുരുഷാര്‍ത്ഥം ചെയ്യുന്നു.

ഇപ്പോള്‍ ബാബ നിങ്ങള്‍ക്ക് ശ്രീമതം നല്‍കുന്നു അല്ലയോ കുട്ടികളേ ശ്രീമതത്തിലൂടെ നടന്ന് ഈ ആത്മീയ

പഠിത്തം പഠിക്കൂ അതിലൂടെ മനുഷ്യൻ വിശ്വത്തിന്റെ അധികാരിയാകുന്നു. എല്ലാവർക്കും ബാബയുടെ പരിചയം നൽകുകയാണെങ്കിൽ ബാബയുടെ ഓർമ്മയിലിക്കുന്നതിലൂടെ *എവർ ഹെൽത്തിയും വെൽത്തിയുമാകും*. ബാബ അവിനാശി *സർജനാണ്*. നിങ്ങൾ ബാബയുടെ കുട്ടികളും ആത്മീയ *സർജൻമാരാണ്.* ഇതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. കേവലം വായിലൂടെ ആത്മാക്കൾക്ക് ശ്രീമതം നൽകുന്നു. സർവ്വോത്തമ സേവനം നിങ്ങൾ കുട്ടികൾക്ക് ചെയ്യണം. ഇങ്ങനെയുള്ള നിർദ്ദേശം നിങ്ങൾക്ക് നൽകാൻ മറ്റാർക്കും സാധിക്കില്ല. ഇപ്പോൾ നമ്മൾ ബാബയുടേതായിട്ടുണ്ടെങ്കിൽ ബാബയുടെ തന്നെ ജോലി ചെയ്യണോ അതോ ലൗകിക ജോലി ചെയ്യണോ. ബാബയിൽ നിന്ന് നമ്മൾ അവിനാശീ ജ്ഞാന രത്നങ്ങളുടെ സഞ്ചി നിറക്കുന്നു. ശിവന്റെ മുന്നിൽ പോയി പറയുന്നു സഞ്ചി നിറച്ച് തരൂ. പതിനായിരമോ ഇരുപതിനായിരമോ ലഭിക്കുമെന്ന് അവർ കരുതുന്നു. അഥവാ ലഭിച്ചാൽ അവിടെ തന്നെ സമർപ്പണമാകുന്നു, വളരെയധികം സത്ക്കരിക്കുന്നു. അതെല്ലാമാണ് ഭക്തിമാർഗ്ഗം. ഇപ്പോൾ എല്ലാവർക്കും ബാബയുടെ പരിചയം നൽകൂ ഒപ്പം പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും കേൾപ്പിക്കൂ. വളരെ എളുപ്പമാണ്. പരിധിയുള്ള ചരിത്രത്തിലും ഭൂമിശാസ്ത്രത്തിലും ധാരാളം സംഗതികളുണ്ട്. പരിധിയില്ലാത്ത ബാബ എവിടെയാണ് വസിക്കുന്നത്, എങ്ങനെയാണ് വരുന്നത്! നമ്മൾ ആത്മാക്കളിൽ 84 ജന്മങ്ങളുടെ *പാർട്ട്* അടങ്ങിയിട്ടുണ്ട് ഇതെല്ലാമാണ് ഈ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും. ഇത്ര മതി കൂടുതലൊന്നും മനസ്സിലാക്കി കൊടുക്കേണ്ടതില്ല കേവലം ബാബയും സമ്പത്തും. ഞാൻ ആത്മാവ് ബാബയെ ഓർമ്മിച്ച് വിശ്വത്തിന്റെ അധികാരിയായി തീരും. ഇപ്പോൾ പഠിക്കുകയും പഠിപ്പിക്കുകയും വേണം. *അൽഫ്* എന്നാൽ അള്ളാഹു, സമ്പത്ത് ചക്രവർത്തീ പദവി. ചിന്തിക്കൂ ഇപ്പോൾ ഈ ജോലി ചെയ്യണോ അതോ ഭൗതീക ജോലി ചെയ്ത് രണ്ടായിരമോ-നാലായിരമോ സമ്പാദിക്കണോ!

ബാബ പറയുന്നു അഥവാ സമർത്ഥയായ കുട്ടിയാണെങ്കിൽ ഞാൻ അവളുടെ മിത്ര സംബന്ധികൾക്കും നൽകും, അതിലൂടെ അവരുടെ ശരീര നിർവ്വഹണവും നടക്കും. എന്നാൽ കുട്ടി നല്ലതായിരിക്കണം, സേവനയുക്തയായിരിക്കണം, ഉള്ളും പുറവും ശുദ്ധമായിരിക്കണം, സംസാരം വളരെ മധുരമായിരിക്കണം. വാസ്തവത്തിൽ കുമാരിയുടെ സമ്പാദ്യം മാതാ-പിതാവിനുള്ളതല്ല. ബാബയുടേതായതിന് ശേഷവും ലൗകിക സേവനത്തിൽ വളരെയധികം ശ്രദ്ധ നൽകുക - ഇതും അനാദരവാണ്. ബാബ പറയുന്നു മനുഷ്യരെ സ്വർഗ്ഗത്തതിന്റെ അധികാരിയാക്കൂ. കുട്ടികൾ വീണ്ടും ലൗകിക സേവത്തിൽ തലയിട്ടടിക്കുന്നു! *സ്കൂൾ* തുറക്കുന്നത് സർക്കാരിന്റെ ജോലിയാണ്. ഇപ്പോൾ പെൺമക്കൾക്ക് ബുദ്ധി ഉപയോഗിക്കണം. ഏത് സേവനം ചെയ്യണം - ഈശ്വരീയ *ഗവൺമെന്റിന്റേതോ* അതോ ആ *ഗവൺമെന്റിന്റേതോ?* ഏതുപോലെയാണോ ബ്രഹ്മാ ബാബ രത്ന വ്യാപാരം ചെയ്തിരുന്നത്, പിന്നീട് വലിയ ബാബ പറഞ്ഞു ഈ അവിനാശീ ജ്ഞാന രത്നങ്ങളുടെ വ്യാപാരം ചെയ്യണം, ഇതിലൂടെ താങ്കൾ ഇങ്ങനെയായി മാറും. ചതുർഭുജത്തിന്റെ സാക്ഷാത്ക്കാരവും ചെയ്യിപ്പിച്ചു. അപ്പോൾ അദ്ദേഹം വിശ്വത്തിന്റെ ചക്രവർത്തീ പദവി സ്വീകരിക്കുമോ അതോ അതേ ജോലി ചെയ്യുമോ. ഏറ്റവും നല്ല ജോലി ഇതാണ്. വളരെ നല്ല സമ്പാദ്യമുണ്ടായിരുന്നു, എന്നാൽ ബാബ ഇദ്ദേഹത്തിൽ പ്രവേശിച്ച് നിർദ്ദേശം നൽകി അള്ളാഹുവിനെയും സമ്പത്തിനെയും ഓർമ്മിക്കൂ. എത്ര സഹജമാണ്. ചെറിയ കുട്ടികൾക്ക് പോലും പഠിക്കാൻ സാധിക്കും. ശിവബാബയ്ക്ക് ഓരോകുട്ടിയെയും മനസ്സിലാക്കാൻ സാധിക്കും. ബ്രഹ്മാവിനും മനസ്സിലാക്കാൻ സാധിക്കും. ഇദ്ദേഹം ബഹിർയാമിയാണ്, ശിവബാബ അന്തർയാമിയാണ്. ബ്രഹ്മാബാബയ്ക്കും ഓരോരുത്തരുടെയും മുഖത്തിലൂടെ, സംസാരത്തിലൂടെ, കർമ്മത്തിലൂടെ എല്ലാം തന്നെ മനസ്സിലാക്കാൻ സാധിക്കും. പെൺകുട്ടികൾക്ക് ആത്മീയ സേവനത്തിനുള്ള അവസരം ഒരേഒരു പ്രാവശ്യമാണ് ലഭിക്കുന്നത്. ഇപ്പോൾ ഹൃദയത്തിൽ വരണം ഞാൻ മനുഷ്യനെ ദേവതയാക്കണോ അതോ മുള്ളിനെ വീണ്ടും മുള്ളാക്കണോ? ചിന്തിക്കൂ എന്ത് ചെയ്യണം? നിരാകാര ഭഗവാനുവാച - ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധവും വേർപെടുത്തൂ. സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കൂ. ബ്രഹ്മാവിന്റെ ശരീരത്തിലൂടെ ബാബ ബ്രാഹ്മണരോട് മാത്രമാണ് സംസാരിക്കുന്നത്. ലൗകിക ബ്രാഹ്മണരും പറയാറുണ്ട്- ബ്രാഹ്മണ ദേവീ ദേവതായ നമഃ, അവർ ശരീരവംശാവലിയാണ്, നിങ്ങൾ മുഖ വംശാവലിയാണ്. ബാബയ്ക്ക് തീർച്ചയായും ബ്രഹ്മാവാകുന്ന മകനെ വേണം. കുമാർകാ (പ്രകാശ്മണി ദാദി) പറയൂ ബാബയ്ക്ക് എത്ര കുട്ടികളുണ്ട്? ചിലർ പറഞ്ഞു 600 കോടി, ചിലർ പറഞ്ഞു ഒരേഒരു ബ്രഹ്മാവ്... നിങ്ങൾ ത്രിമൂർത്തിയെന്ന് പറയുന്നു എന്നാൽ കർത്തവ്യം വ്യത്യസ്തമല്ലേ. വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവ് വന്നു. ബ്രഹ്മാവിന്റെ നാഭിയിൽ നിന്ന് വിഷ്ണു, അപ്പോൾ രണ്ടും തന്നെ ഒന്നായി. വിഷ്ണു 84 ജന്മങ്ങളെടുക്കുന്നു അല്ലെങ്കിൽ ബ്രഹ്മാവ് - കാര്യം ഒന്നുതന്നെയാണ്. ബാക്കിയുള്ളത് ശങ്കരനാണ്. എന്നാൽ ശിവനും ശങ്കരനും ഒന്നാണെന്നത് ശരിയല്ല. ത്രിമൂർത്തിയെന്ന് പറയുന്നു. എന്നാൽ യഥാർത്ഥത്തിലുള്ള കുട്ടികൾ രണ്ട് പേരാണ്. ഇതെല്ലാം ജ്ഞാനത്തിന്റെ കാര്യങ്ങളാണ്.

അതുകൊണ്ട് പെൺമക്കൾക്ക് ഈ സേവനം ചെയ്യുന്നതാണോ നല്ലത് അതോ ബിരുദമെല്ലാം പഠിക്കുന്നതാണോ നല്ലത്? അവിടെ അൽപകാല സുഖമാണ് ലഭിക്കുക. പ്രതിഫലവും അൽപമായിരിക്കും ലഭിക്കുന്നത്. ഇവിടെ നിങ്ങൾക്ക് ഭാവി 21 ജന്മങ്ങളിലേക്ക് അതിസമ്പന്നനാകാൻ സാധിക്കും. അപ്പോൾ എന്ത് ചെയ്യണം? കന്യകയാണെങ്കിൽ നിർബന്ധനയാണ്. ഗൃഹസ്ഥയെക്കാളും കുമാരി കന്യകയ്ക്ക് തീവ്രമായി പോകാൻ സാധിക്കും എന്തുകൊണ്ടെന്നാൽ പവിത്രമാണ്. മമ്മയും കുമാരിയായിരുന്നില്ലേ. പണത്തിന്റെ കാര്യം തന്നെയില്ല. എത്ര തീവ്രമായാണ് പോയത് അതുകൊണ്ട് കന്യകകൾക്ക് വിശേഷിച്ചും പിൻതുടരണം. മുള്ളുകളെ പൂക്കളാക്കാം. ഈശ്വരീയ പഠനത്തിനുള്ള*ചാൻസെടുക്കണോ* അതോ ലൗകിക പഠിത്തത്തിനുള്ളതോ? കന്യകമാരുടെ *സെമിനാർ* നടത്തണം. മാതാക്കൾക്ക് പതിയുടെയെല്ലാം ഓർമ്മ വരുന്നു. സന്യാസിമാർക്കും ധാരാളം ഓർമ്മകൾ വന്നുകൊണ്ടിരിക്കാറുണ്ട്. കന്യകമാർ ഗോവണി കയറേണ്ടതില്ല. കൂട്ടുകെട്ടിന്റെ പ്രഭാവം വളരെയധികം ബാധിക്കും. ഏതെങ്കിലും വലിയ ആളുടെ മകൻ കണ്ടു മനസ്സ് കുടുങ്ങി, വിവാഹം നടന്നു. കളി അവസാനിച്ചു. *സെന്ററിൽ* നിന്ന് കേട്ട് പുറത്തേക്ക് പോകുകയാണെങ്കിൽ കളി അവസാനിച്ചു. ഇതാണ് മധുബൻ. ഇവിടെ ഇങ്ങനെയുള്ള ധാരാളം പേർ വരാറുണ്ട്, പറയുന്നു ഞങ്ങൾ പോയി *സെന്റർ* തുറക്കും. എന്നാൽ പുറത്ത് പോകുന്നതിലൂടെ അപ്രത്യക്ഷമാകുന്നു. ഇവിടെ നിന്ന് ജ്ഞാനത്തിന്റെ ഗർഭം ധരിക്കുന്നു, പുറത്ത് പോകുന്നതിലൂടെ ലഹരി അപ്രത്യക്ഷമാകുന്നു. മായ വളരെയധികം എതിരിടുന്നു. മായയും പറയും ആഹാ! ഇവർ ബാബയെ തിരിച്ചറിഞ്ഞിട്ടും ബാബയെ ഓർമ്മിക്കുന്നില്ല അതുകൊണ്ട് ഞാനിടിക്കും. ഇങ്ങനെ പറയരുത്, ബാബാ അങ്ങ് മായയോട് പറയൂ ഞങ്ങളെ ഇടിക്കരുതെന്ന്. യുദ്ധത്തിന്റെ മൈതാനമല്ലേ. ഒരു വശത്ത് രാവണന്റെ സൈന്യം, മറുവശത്ത് രാമന്റെ സൈന്യം. ധീരനായി രാമന്റെ വശത്തേക്ക് പോകണം. ആസുരീയ സമ്പ്രദായിയെ തന്നെ ദൈവീക സമ്പ്രദായിയാക്കുന്നതിന്റെ ജോലി ചെയ്യണം. ഭൗതീക വിദ്യ നിങ്ങൾ ആരെ പഠിപ്പിക്കും, അവർ പഠിച്ച് വലുതാകുമ്പോഴേക്കും വിനാശവും മുന്നിൽ വരും. ലക്ഷണങ്ങളും നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നുണ്ട്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് രണ്ട് *ക്രിസ്ത്യൻ* സഹോദരങ്ങളും പരസ്പരം യോജിക്കുകയാണെങ്കിൽ യുദ്ധം ഉണ്ടാകുകയില്ല. എന്നാൽ ഭാവി അങ്ങനെയല്ല. അവർക്ക് തിരിച്ചറിയാനേ സാധിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ യോഗ ബലത്തിലൂടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് ശിവശക്തി സൈന്യം. അവർ ശിവബാബയിൽ നിന്ന് ഭാരതത്തിന്റെ പ്രാചീന ജ്ഞാനവും യോഗവും പഠിച്ച് ഭാരതത്തെ വജ്ര സമാനമാക്കുന്നു. ബാബ കൽപത്തിന് ശേഷം തന്നെയാണ് വന്ന് പതിതരെ പാവനമാക്കുന്നത്. നിങ്ങൾ എല്ലാവരും രാവണന്റെ ജയിലിലാണ്. ശോകവാടികയിലാണ്, എല്ലാവരും ദുഃഖികളാണ്. വീണ്ടും രാമൻ വന്ന് എല്ലാവരെയും മോചിപ്പിച്ച് അശോകവാടിക സ്വർഗ്ഗത്തിലേക്ക് കൊണ്ട് പോകുന്നു. ശ്രീമതം പറയുന്നു – മുള്ളുകളെ പൂക്കൾ, മനുഷ്യനെ ദേവതയാക്കൂ. നിങ്ങൾ *മാസ്റ്റർ* ദുഃഖ ഹർത്താ സുഖ കർത്താവാണ്. ഇതേ ജോലി ചെയ്യണം. ശ്രീമതമനുസരിച്ച് നടക്കുന്നതിലൂടെ നിങ്ങൾ ശ്രേഷ്ഠരാകും, ബാബ നിർദ്ദേശമാണ് നൽകുന്നത്. ഇപ്പോൾ ബാബ പറയുന്നു, നിർദ്ദേശം എന്റേത് തീരുമാനം നിങ്ങളുടേത്. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) സേവനയുക്തരാകുന്നതിന് വേണ്ടി ഉള്ളും പുറവും ശുദ്ധമാകണം. മുഖത്തിലൂടെ വളരെ മധുരമായി സംസാരിക്കണം. ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളിൽ നിന്നും ബുദ്ധിയോഗം വേർപെടുത്തണം. കൂട്ടുകെട്ടിൽ നിന്ന് സ്വയത്തെ സംരക്ഷിക്കണം.

2) ബാബയ്ക്ക് സമാനം *മാസ്റ്റർ* ദുഃഖഹർത്താ സുഖകർത്താവാകണം. ആത്മീയ സേവനം ചെയ്ത് സത്യമായ സമ്പാദ്യമുണ്ടാക്കണം. ആത്മീയ അച്ഛന്റെ നിർദ്ദേശത്തിലൂടെ ആത്മീയ സാമൂഹ്യ സേവകനാകണം.

**വരദാനം:- "ഞാനും എന്റെ ബാബയും" ഈ വിധിയിലൂടെ ജീവൻമുക്ത സ്ഥിതിയുടെ അനുഭവം ചെയ്യുന്ന സഹജയോഗിയായി ഭവിക്കൂ**

ബ്രാഹ്മണനാകുക അർത്ഥം ദേഹം, സംബന്ധം, സാധനങ്ങളുടെ ബന്ധനത്തിൽ നിന്ന് മുക്തമാകുക. ദേഹത്തിന്റെ സംബന്ധികളോട് ദേഹത്തിന്റെ ബന്ധത്തിലുള്ള സംബന്ധമല്ല എന്നാൽ ആത്മീക സംബന്ധം. അഥവാ ആരെങ്കിലും ആർക്കെങ്കിലും വശപ്പെട്ട്, പരവശരാകുന്നു എങ്കിൽ ബന്ധനമാണ്, എന്നാൽ ബ്രാഹ്മണൻ അർത്ഥം ജീവൻമുക്തം. ഏതുവരെ കർമ്മേന്ദ്രിയങ്ങളുടെ ആധാരമുണ്ടോ അതുവരെ കർമ്മം ചെയ്യുക തന്നെ വേണം എന്നാൽ കർമ്മബന്ധനമില്ല, കർമ്മ-സംബന്ധം. ഇങ്ങനെ ആരാണോ മുക്തമായിട്ടുള്ളത് അവർ സദാ സഫലതാമൂർത്തിയാണ്. ഇതിനുള്ള സഹജമായ സാധനയാണ് - ഞാനും എന്റെ ബാബയും. ഈ ഓർമ്മ സഹജയോഗി, സഫലതാമൂർത്തിയും ബന്ധനമുക്തവുമാക്കി മാറ്റുന്നു.

**സ്ലോഗൻ:- ഞാൻ എന്റെ ഈ അഴുക്കിനെ സമാപ്തമാക്കുന്നത് തന്നെയാണ് യഥാർത്ഥ സ്വർണ്ണമാകുക എന്നത്.**

**മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം**

മനുഷ്യർ ഈ ഏതൊരു ഗീതമാണോ പാടുന്നത് അല്ലയോ ഗീതയുടെ ഭഗവാനേ അങ്ങയുടെ വാഗ്ദാനം നിറവേറ്റുന്നതിനായി വരൂ. ഇപ്പോൾ സ്വയം ആ ഗീതയുടെ ഭഗവാൻ തന്റെ കൽപം മുൻപത്തെ വാഗ്ദാനം നിറവേറ്റുന്നതിനായി വന്നിരിക്കുന്നു എന്നിട്ട് പറയുകയാണ് അല്ലയോ കുട്ടികളേ, എപ്പോഴാണോ ഭാരതത്തിൽ അതി ധർമ്മഗ്ലാനി ഉണ്ടാകുന്നത് അപ്പോഴാണ് ഇതേസമയം ഞാൻ എന്റെ പ്രതിജ്ഞ നിറവേറ്റുന്നതിനായി അവശ്യം വരുന്നത്. ഇപ്പോൾ ഞാൻ വരുന്നു എന്നതിന്റെ അർത്ഥം യുഗ-യുഗങ്ങളിൽ വരുന്നു എന്നതല്ല. എല്ലാ യുഗങ്ങളിലും ധർമ്മ ഗ്ലാനി ഉണ്ടാകുന്നില്ല, ധർമ്മ ഗ്ലാനി ഉണ്ടാകുന്നത് കലിയുഗത്തിലാണ്, അതുകൊണ്ട് പരമാത്മാവ് കലിയുഗത്തിന്റെ അന്തിമ സമയത്താണ് വരുന്നത്. കലിയുഗം പിന്നീട് കൽപ-കൽപം വരുന്നു, അപ്പോൾ തീർച്ചയായും അവർ കൽപ-കൽപം വരുന്നു. കൽപത്തിൽ നാല് യുഗങ്ങളുണ്ട്, ഇതിനെ തന്നെയാണ് കൽപമെന്ന് പറയുന്നത്. അരകൽപം സത്യ-ത്രേതാ യുഗത്തിൽ സതോഗുണം സതോ പ്രധാനമാണ്, അവിടെ പരമാത്മാവ് വരേണ്ടതിന്റെ യാതൊരു ആവശ്യവുമില്ല പിന്നീട് ദ്വാപരയ യുഗം മുതൽ മറ്റ് ധർമ്മങ്ങളുടെ ആരംഭമാണ്, ആ സമയവും അതി ധർമ്മ ഗ്ലാനിയില്ല, ഇതിൽ നിന്ന് വ്യക്തമാകുന്നത് പരമാത്മാവ് മൂന്ന് യുഗങ്ങളിൽ വരുന്നതേയില്ല എന്നതാണ്, ബാക്കിയുള്ളത് കലിയുഗമാണ്, അതിന്റെ അന്തിമത്തിലാണ് അതി ധർമ്മ ഗ്ലാനി ഉണ്ടാകുന്നത്. ആ സമയമാണ് പരമാത്മാവ് വന്ന് അധർമ്മം വിനാശമാക്കി സത്യധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നത്. അഥവാ ദ്വാപരത്തിലാണ് വന്നതെങ്കിൽ പിന്നീട് ദ്വാപരത്തിന് ശേഷം സത്യയുഗം വരണം പിന്നീട് എന്തുകൊണ്ടാണ് കലിയുഗം? പരമാത്മാവ് ഘോരമായ കലിയുഗത്തിന്റെ സ്ഥാപനയാണ് ചെയ്തത് ഇങ്ങനെ പറയില്ലല്ലോ, ഇപ്പോൾ ഈ കാര്യം സാധ്യമല്ല അതുകൊണ്ടാണ് പരമാത്മാവ് പറയുന്നത് ഞാൻ ഒന്നാണ് ഒരേഒരു പ്രാവശ്യം വന്ന് അധർമ്മം അഥവാ കലിയുഗത്തിന്റെ വിനാശം ചെയ്ത് സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നു അതുകൊണ്ട് എനിക്ക് വരുന്നതിനുള്ള സമയം സംഗമയുഗമാണ്. ശരി - ഓം ശാന്തി.